പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*52

01/12/2015 ൽ
മറുപടിയ്ക്ക്

## ഖാദി ഗ്രാമവ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഖാദി ഗ്രാമ വ്യവസായ മേഖലയിൽ വരുമാന പൂരക പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ലഭ്യമാക്കുന്ന വേതനത്തിനു പുറമേ സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക താങ്ങൽ പദ്ധതിയാണ് വരുമാന പൂരക പദ്ധതി. നിലവിൽ പ്രതിദിനം നൂല്പ് തൊഴിലാളിക്ക് 100/ രൂപയും നെയ്ത്തു തൊഴിലാളിക്ക് 120 രൂപയും മിനിമം വേതനം ഉറപ്പാക്കുന്നു. കൂടാതെ ഡി.എ.യും മറ്റാനുകൂല്യങ്ങളും നൽകുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) വരുമാന പൂരക പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രകാരം തുക കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. |

| വർഷം | വകയിരുത്തിയ തുക |
|---|---|
| 2010-11 | 10.00 കോടി രൂപ |
| 2011-12 | 14.68 കോടി രൂപ |
| 2012-13 | 20.00 കോടി രൂപ |
| 2013-14 | 18.00 കോടി രൂപ |
| 2014-15 | 22.00 കോടി രൂപ |

2014-15 വർഷം വരെയുള്ള തുക പൂർണ്ണമായും തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ